# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

ചോദ്യം നം.6797      13.07.2012 ൽ മറുപടിക്ക്

### ഡീ അഡിക്ഷൻ പദ്ധതി

| | ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള:<br>,, സി. മോയിൻകുട്ടി:<br>,, കെ. മുഹമ്മദുണ്ണി ഹാജി:<br>,, വി. എം. ഉമ്മർ മാസ്റ്റർ: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമകളായി മാറിയവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി വിശദീകരിക്കാമോ ; | (എ)<br>&<br>(ബി) | ആരോഗ്യ വകുപ്പിന് കീഴിൽ ലഹരിവിമുക്ത സെന്ററുകൾ (ഡീ അഡിക്ഷൻ സെന്റർ) നിലവിൽ തിരുവനന്തപുരം , തൃശ്ശൂർ, കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും പത്തനംതിട്ട, കണ്ണൂർ, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിലും ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; | | |
| (സി) | ഡീ അഡിക്ഷൻ പ്രവർത്തനത്തിനൊപ്പം, ബോധവൽക്കരണത്തിനും വിഭാവനം ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ? | (സി) | ഇപ്പോൾ നടപ്പിലാക്കി വരുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ ഒട്ടുമിക്ക കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി തെറ്റായ ജീവിതശൈലി, പുകവലി, മദ്യപാനം എന്നിവയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ